**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 982** **29-08-2022 - ൽ മറുപടിയ്ക്ക്**

**ഫോറസ്റ്റ് സ്റ്റേഷൻ കമ്പ്യൂട്ടർവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിനു കീഴിൽ വനപരിപാലന വിവര/ഭൗമ വിവര സാങ്കേതിക സംവിധാനം നടപ്പിലാക്കുന്നതിന് ഓരോ വർഷവും ലഭിക്കുന്ന കേന്ദ്രസഹായം, ചെലവാകുന്ന തുക, പ്രസ്തുത സംവിധാനം പ്രാവർത്തികമാക്കാൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്നിവ വ്യക്തമാക്കാമോ; | (എ) | വനം വകുപ്പിന് കിഴീൽ വനപരിപാലന വിവര/ ഭൗമവിവര സാങ്കേതിക സംവിധാനം നടപ്പിലാക്കുന്നതിന് നിലവിലെ സർക്കാരിന്റെ കാലയളവിൽ കേന്ദ്രസഹായം ലഭിച്ചിട്ടില്ല. സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് വിഹിതമായി 2021-22 സാമ്പത്തിക വർഷത്തിൽ 149.60 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ ജൂലൈ 31 വരെ 34.260 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.<br>പ്രസ്തുത സംവിധാനം പ്രാവർത്തികമാക്കുന്നതിനായി ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>1. വനം വകുപ്പിലേയ്ക്ക് ആവശ്യമായ കമ്പ്യൂട്ടറുകൾ, ലാപ് ടോപ്പുകൾ അനുബന്ധ ഉപകരണങ്ങൾ എന്നിവ കേന്ദ്രീകൃത സംവിധനം വഴി വാങ്ങുകയും അവയുടെ വാർഷിക മെയിൻറനൻസിന് മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു.<br>2. വന പരിപാലന വിവര/ഭൗമവിവര സാങ്കേതിക സംവിധാനത്തിലെ വിവിധ മൊഡ്യൂളുകൾ ഉപയോഗപ്പെടുത്തി വകുപ്പിനെ സംബന്ധിക്കുന്ന ഡേറ്റാ ബേസുകൾ തയ്യാറാക്കുകയും നിലവിലുള്ള ഡേറ്റാബേസുകൾ മെച്ചപ്പെടുത്തുകയും ചെയ്യുന്നു.<br>3. വനം വകുപ്പിലെ വിവിധ മാനേജ്മെൻറ് ആവശ്യങ്ങൾക്ക് ഭൗമ വിവര സാങ്കേതിക സംവിധാനം വഴി ഭൂപടങ്ങൾ തയ്യാറാക്കുന്ന പ്രവൃത്തികൾ.<br>4. വനം വകുപ്പുമായി ബന്ധപ്പെട്ട സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾ. |
| (ബി) | ഇതിന്റെ ഭാഗമായി ഫോറസ്റ്റ് സ്റ്റേഷൻ കമ്പ്യൂട്ടർവൽക്കരണം, ഓഫീസ് നെറ്റ് കണക്റ്റിവിറ്റി ഉടങ്ങി ഇ-ഗവേണൻസ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി നിലവിലെ സർക്കാർ കാലയളവിൽ നടത്തിയ പ്രവർത്തനങ്ങൾ, ചെലവായ തുക, നടപ്പാക്കിയതും/ | (ബി) | നിലവിലെ സർക്കാർ കാലയളവിൽ കമ്പ്യൂട്ടർവൽക്കരണം, ഓഫീസ് നെറ്റ് കണക്റ്റിവിറ്റി എന്നിവയുടെ ഭാഗമായി 233 കമ്പ്യൂട്ടറുകൾ, പ്രിൻററുകൾ, സർവ്വർ, വർക്ക് സ്റ്റേഷൻ, നെറ്റ് വർക്ക് കണക്റ്റിവിറ്റി എന്നിവയ്ക്കായി 157.083 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | നടപ്പാക്കാത്തതുമായ പദ്ധതി പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | | ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിലും, 14 സർക്കിൾതല ഓഫീസുകളിലും, 30 ഡിവിഷൻതല ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. 47 ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മാനേജ് മെന്റ് ആവശ്യങ്ങൾക്കായി നിലവിൽ വനം വകുപ്പ് ഉപയോഗപ്പെടുത്തി വരുന്ന ഡിജിറ്റൽ ഭൂപടങ്ങൾ 1975-80 കാലഘട്ടത്തിലെ ടോപ്പോഷീറ്റുകളെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയവയാണ്. ഈ വിവരങ്ങൾ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിനായി നാഷണൽ ഇൻഫോർമാറ്റിക്സ് സെൻററിന്റെ സഹകരണത്തോടുകൂടി വനം വകുപ്പ് ലഭ്യമാക്കി വരുന്ന സേവനങ്ങളായ പ്രോപ്പർട്ടിമാർക്ക് രജിസ്ട്രേഷൻ, വനമേഖലകളിലും സംരക്ഷിതമേഖലകളിലും സിനിമ ഷൂട്ടിങ്ങിന് അനുമതി നല്കുന്നത്, സർക്കാർ വകുപ്പുകൾ അംഗീകരിച്ച ഗവേഷണ പദ്ധതികൾ നടത്തുന്നതിന് അനുമതി നല്കുന്നത്, പ്രകൃതിപഠന ക്യാമ്പുകളിൽ പങ്കെടുക്കുന്നതിന്, തടിയധിഷ്ഠിത വ്യവസായങ്ങൾക്ക് നിരാക്ഷേപ സാക്ഷ്യപത്രം (NOC) നല്കുന്നത് എന്നിവ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ